# തിയ്യറ്ററുകളിൽ നിറയുന്ന നീല

പി.എസ്.കുമാർ

നിന്നും ഇരുന്നും കിടന്നും കറിക്കഷണം നുറുക്കിക്കൊണ്ടും ടെലിവിഷൻ കാണാം. ടെലിവിഷനിൽ ദൂരദർശനോ ഏഷ്യാനെറ്റോ സൂര്യയോ കൈരളിയോ കാണാം. എല്ലാറ്റിലുംകൂടി ഒരു . മാസം നൂറുകണക്കിനു മെഗാസീരിയലും സിനിമകളും കാണാം. പോരെങ്കിൽ കേബിൾ ചാനലുകളുണ്ട്. വി.സി.പി. ഉണ്ടെങ്കിൽ കാസറ്റ് ഇട്ട് സിനിമ കാണാം. ബിഗ് സ്ക്രീനിൽ കണ്ടാലേ ശരിയാകൂ എന്നു പറയാൻ മാത്രം സാങ്കേതിക തികവോ സ്പെഷൽ ഇഫക്ട്സോ ഒക്കെയുള്ള ചിത്രങ്ങളൊന്നും മലയാളത്തിൽ ഇറങ്ങുന്നില്ല. പിന്നെന്തിനാണ് തിയേറ്ററിൽ പോകുന്നത്?

ഈ ചോദ്യങ്ങൾക്ക് ഉത്തരമില്ല. അതുകൊണ്ട് കേരളത്തിൽ ചലച്ചിത്ര വ്യവസായവും സിനിമാ തിയേറ്ററുകളും നിന്നു പിഴയ്ക്കാൻ ബുദ്ധിമുട്ടുകയാണ്. നിത്യചെലവിനു വക കിട്ടണമെങ്കിൽ മറ്റൊരു നിവൃത്തിയുമില്ല എന്നു വന്നതുകൊണ്ട് ഇപ്പോൾ കേരളത്തിൽ എ ക്ലാസ് മുതൽ സി ക്ലാസ് വരെയുള്ള സകല തിയേറ്ററുകളിലും അശ്ലീല- മസാല ചിത്രങ്ങളാണ് ഓടിക്കുന്നത്.

മുമ്പ് അബദ്ധത്തിൽപോലും അത്തരമൊരു ചിത്രം പ്രദർശിപ്പിക്കാനറച്ചിരുന്ന വൻകിട തിയേറ്ററുകൾപോലും അത്തരം ചിത്രങ്ങൾ റിലീസ് ചെയ്യാൻ തയാറാവുകയാണിന്ന്.

അഞ്ചോ ആറോ വർഷം ഇടവിട്ട് ഇത്തരം അശ്ലീല -മസാല ചിത്രങ്ങളുടെ പൂക്കാലം മലയാളത്തിൽ പതിവുണ്ട്. പക്ഷേ, അവ അത്തരം ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന പ്രത്യേക തിയേറ്ററുകളിൽ മാത്രം




പ്രദർശിപ്പിച്ച് പോകാറാണ് പതിവ്. ഇത്തവണ സംഗതി വ്യത്യസ്തമാണ്. എല്ലാ തിയേറ്ററുകളും ഇത്തരം ചിത്രങ്ങളുടെ പ്രദർശനത്തിന് തയാറായിരിക്കുന്നു. ഈ പുതിയ ഡിമാൻഡിനനുസരിച്ച് പുതിയ മസാലകളിറങ്ങാത്തതുകൊണ്ട് മുൻകാല ഹിറ്റുകൾ പൊടിതട്ടി വീണ്ടും 'എ' ക്ലാസ് തിയേറ്ററുകളിൽ തന്നെ രണ്ടാം വട്ടം റിലീസ് ചെയ്യുന്നു. രതിനിർവേദം, ഇണ, ലോറി, ആദ്യപാപം, ലയനം, തമ്പുരാട്ടി..... എന്നിങ്ങനെ ഇറങ്ങിയ കാലത്ത് ക്ലിക്ക ചെയ്ത 'എ' ചിത്രങ്ങളെല്ലാം വീണ്ടും പുതിയ റിലീസ് ചിത്രങ്ങളെപ്പോലെ ഓടിക്കൊണ്ടിരിക്കുകയാണിപ്പോൾ. പുതുതായി റിലീസ് ചെയ്യുന്ന ചിത്രങ്ങളിലാകട്ടെ നാലിൽ മൂന്നും ഇത്തരം കിന്നാരപ്പക്കളാണ്.

ഇത്തരമൊരു അവസ്ഥയ്ക്ക് കാരണമെന്താണ്? ഉത്തരങ്ങൾ പലതാണ്. ഒന്നാമതായി, ടി.വിയും ചാനലുകളും വി.സി.പി.യും കേബിൾ ടിവിയും കൂടി ചേർന്ന് തിയേറ്ററിൽ പോയി സിനിമ കാണുന്നവരുടെ എണ്ണം കുറച്ചിരിക്കുന്നു. പുരുഷന്മാരെ അപേക്ഷിച്ച് കൂടുതൽ നേരം ടി.വിക്കു മുന്നിൽ ചെലവഴിക്കുന്ന സ്ത്രീകൾ തിയേറ്ററിൽ പോയി സിനിമ കാണാൻ ഇപ്പോൾ കാര്യമായി താല്പര്യം കാണിക്കുന്നില്ല. അഞ്ചുവർഷം മുമ്പുള്ള അവസ്ഥയുമായി താരതമ്യപ്പെടുത്തിയാൽ തിയേറ്ററുകളിലെത്തുന്ന സ്ത്രീ പ്രേക്ഷകരുടെ എണ്ണത്തിൽ പകുതിയിലേറെ കുറവ് കാണാം.

ലാൽ, മമ്മൂട്ടി തുടങ്ങിയ സൂപ്പർ സ്റ്റാറുകളുടെ സൂപ്പർ ഹിറ്റുകൾക്കുപോലും സ്ത്രീ പ്രേക്ഷകരുടെ എണ്ണത്തിൽ കാര്യമായ കുറവ് ദൃശ്യമാണ്. വല്ല വിശേഷാവസരങ്ങളിൽ മാത്രം തിയേറ്ററിൽ ഒരു സിനിമ കാണുക, അതു നല്ലതെന്ന് അഭിപ്രായംവീണ ചിത്രം മാത്രം കാണുക - ഇതാണ് ഇന്നത്തെ സാധാരണക്കാരന്റെയും സാധാരണക്കാരിയുടെയും രീതി. അതോടെ ഹിറ്റ് നിലവാരത്തിലെത്താത്ത ചിത്രങ്ങൾക്ക് പ്രേക്ഷകരെ ഇല്ലാത്ത അവസ്ഥയായി.

യുവതലമുറയ്ക്ക് മലയാളത്തോട് പ്രത്യേക മമതയില്ല എന്നല്ല, കാമ്പസ് തലമുറ മലയാള ചിത്രങ്ങളേക്കാൾ കൂടുതൽ ഇഷ്ടപ്പെടുന്നത് കൂടുതൽ വർണപകിട്ടും മെച്ചപ്പെട്ട ഗാനചിത്രീകരണ രംഗങ്ങളും ഒക്കെയുള്ള ഹിന്ദി-തമിഴ് ചിത്രങ്ങളാണ്. ഒട്ടേറെ പണികൾക്കായി കേരളത്തിൽ തമ്പടിച്ചിരിക്കുന്ന തമിഴ് നാട്ടുകാർ തമിഴ് ചിത്രങ്ങളെ ബി, സി ക്ലാസ് തിയേറ്ററുകളിൽ പോലും ഹൗസ് ഫുള്ളാക്കുന്നു. 'അനിയത്തിപ്രാവും' നിറവും പോലെ തന്നെ മേനെ പ്യാർ കിയായും ഖുശിയും നഗരങ്ങളിൽ കാമ്പസ് തലമുറയെ തിയേറ്ററുകളിലെത്തിക്കുന്നു. നരസിംഹത്തിനു ലഭിക്കുന്ന അതേ സ്വീകരണം വല്ലരശിനും മുതൽവനും ലഭിക്കുന്നു. പക്ഷേ, ഹിന്ദി ചിത്രങ്ങൾക്കു നഗരങ്ങളിൽ ലഭിക്കുന്ന സ്വീകരണം ഗ്രാമങ്ങളിൽ കിട്ടില്ല. തമിഴ് ചിത്രങ്ങൾക്കും എല്ലാ മേഖലയിലും നിറഞ്ഞ സദസ് ലഭിക്കില്ല. ഹിറ്റാവാത്ത മലയാള ചിത്രങ്ങൾക്കും പ്രേക്ഷകരില്ല. ഈ അവസ്ഥയിൽ മിനിമം പ്രേക്ഷകരെ ആകർഷിക്കാൻ കഴിവുള്ള ഇനം എന്ന മെച്ചമുള്ളതുകൊണ്ടാണ് അശ്ലീല മസാലചിത്രങ്ങൾ തിയേറ്ററുകൾക്ക് പ്രിയങ്കരമാകുന്നത്.

ഇത്തരം ചിത്രങ്ങൾ റിലീസ് ചെയ്യാൻ തയാറാകുന്ന തിയേറ്ററുകൾക്ക് കൂടുതൽ തിയേറ്റർ കമ്മീഷൻ നല്കാൻ ഇതിന്റെ വിതരണക്കാർ തയാറാണെന്നതും പുതിയ ട്രെൻഡിനു കാരണമാകുന്നു.

എല്ലാ തിയേറ്ററുകളിലും ഇത്തരം ചിത്രങ്ങൾക്ക് പ്രദർശന സാധ്യത കൈവന്നതോടെ ഇത്തരം ചിത്രങ്ങളുടെ ഒരു വേലിയേറ്റം തന്നെ പ്രതീക്ഷിക്കാം. സൂപ്പർ ഹിറ്റ് ചിത്രങ്ങളും നീലചിത്രങ്ങളും മാത്രം വിജയിക്കുന്ന തരത്തിൽ മലയാള സിനിമാരംഗം മാറുന്നത് ശരിയായ ഒരു പ്രവണതയല്ല. അതുകൊണ്ട്, ഈ നീലവസന്തത്തിനു തടയിടേണ്ടത് നമ്മുടെ കടമയാവുകയാണ്.